വി(3) 6111/2023

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
തിരുവനന്തപുരം, തീയതി.27.12.2024

Website:www.cooperation.kerala.gov.in
e-mail: keralarcs@coop.kerala.gov.in
ഫോൺനമ്പർ: 0471 -2330825

**സർക്കുലർ നം:- 29/2024**

**വിഷയം:-** **സഹകരണ- വകുപ്പ്- വിജിലൻസ് - സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ബോർഡുകളിലും അപ്പക്സ് ഫെഡറേഷനുകളിലും മറ്റു സഹകരണ സ്ഥാപനങ്ങളിലും കെ.എസ്.ആർ ഭാഗം I ചട്ടം 144 പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് സാമ്പത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

**സൂചന:-** **സർക്കാരിന്റെ 22.10.2024 ലെ എ1/94/2023 നമ്പർ കത്ത്.**

സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബോർഡുകളിലും അപ്പക്സ് ഫെഡറേഷനുകളിലും മറ്റു സഹകരണ സ്ഥാപനങ്ങളിലും കെ.എസ്.ആർ ഭാഗം I ചട്ടം 144 പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സർവ്വീസ് ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവക്ക് വിരുദ്ധമായി ശമ്പള പരിഷ്കരണ കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക, ആർജ്ജിതാവധി സറണ്ടർ എന്നിവ കൈപ്പറ്റി വരുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബോർഡുകളിലും അപ്പക്സ് ഫെഡറേഷനുകളിലും മറ്റു സഹകരണ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരത്തിൽ അനധികൃതമായി സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതായി കണ്ടെത്തുന്ന പക്ഷം ടി ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

Dr. D SAJITH BABU IAS
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ് :**

**സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള
എല്ലാ ബോർഡുകൾക്കും അപ്പക്സ് ഫെഡറേഷനുകൾക്കും
സഹകരണ സ്ഥാപനങ്ങൾക്കും**

**// ആജ്ഞാനുസരണം //**

**ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)**